**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2000** **29-09-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ ഫിഷിംഗ് ഹാർബർ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ ഫിഷിംഗ് ഹാർബർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; എന്തൊക്കെ പ്രവൃത്തിയാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; | (എ) | അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം നബാർഡ് RIDF XXVIII ട്രാഞ്ചയിൽ 2536.85 ലക്ഷം രൂപയുടെ ഭരണാനുമതി 2023-ൽ നൽകിയത് പ്രകാരം പുരോഗമിച്ച വരികയാണ്. നിലവിൽ വാർഫ്, ലേലപ്പുര, ഓഫീസ് കെട്ടിടം, കാന്റീൻ, കുടിവെള്ള വിതരണത്തിനായുള്ള സംഭരണി, ഷോപ്പ് മുറികൾ, ടോയിലെറ്റ്, ലോക്കർ മുറികൾ, ചുറ്റുമതിൽ, നെറ്റ് മെന്റിംഗ് ഷെഡ് എന്നിവ പൂർണമായി പൂർത്തീകരിച്ചു. റോഡ്, പാർക്കിംഗ് ഏരിയ, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. പ്രവൃത്തിയുടെ ഭാഗമായുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി, ഗ്രീൻ ബെൽറ്റ് എന്നിവ അടക്കമുള്ള ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായുണ്ട്. |
| (ബി) | ഹാർബർ നവീകരണ പ്രവൃത്തി ഒക്ടോബർ പകുതിയോടുകൂടി പൂർത്തിയാക്കുന്നതിന് സാധിക്കുമോ; വിശദാംശം നൽകാമോ? | (ബി) | മഴകാരണം ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതടക്കമുള്ള നവീകരണ പ്രവൃത്തികൾ 2025 ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ